വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കേരളത്തിലെ
10.28.AM] ഹയർ സെക്കണ്ടറി മേഖലയിലെ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിന് പ്രൊഫ. പി. ജെ. ജോസഫ് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ ഒന്നാംഘട്ട ശിപാർശകൾ 2013 ഫെബ്രുവരിയിൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. തുടർന്നുള്ള റിപ്പോർട്ടിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലനിന്നിരുന്ന ആറ് പ്രവൃത്തിദിനം അഞ്ചായി പരിമിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിശദമാക്കുകയും അപ്രകാരം ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തിദിവസം അഞ്ചാക്കി പുനഃക്രമീകരിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു. പ്രൊഫ. ജോസഫ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ നിലവിലെ പഠന സമയത്തിൽ കുറവുവരാതെ ആറ് ദിവസത്തെ പഠനസമയം അഞ്ച് ദിവസമാക്കി ക്രമീകരിച്ചു കൊണ്ട് 1-7-2014-ന് സർക്കാർ ഉത്തരവായി. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറി സ്കൂളുകളെ അപേക്ഷിച്ച് പഠനസമയം കൂടുതലാണ്. അവർക്ക് ഇപ്പോൾ പഠന സമയം തുടങ്ങുന്നത് രാവിലെ 8.30-നും അവസാനിക്കുന്നത് വൈകുന്നേരം 4.30-നുമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമായി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് അഞ്ച് ദിവസം പര്യാപ്തമല്ലെന്ന് പ്രൊഫ. ജോസഫ് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതിനാൽ വി.എച്ച്.എസ്.ഇ.-യിൽ നിലവിലുള്ള അദ്ധ്യാപന സമയത്തിൽ കുറവ് വരുത്താതെ ആഴ്ചയിൽ ആറ് ദിവസം അദ്ധ്യയനം നടക്കത്തക്കരീതിയിൽ തൊഴിൽ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യംനൽകി ഇപ്പോഴത്തെ അവസ്ഥതന്നെ തുടരേണ്ടതാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി. നിലവിലെ പഠ്യപദ്ധതി നിർദ്ദേശിക്കുന്ന 43 മണിക്കൂർ പഠനസമയം അഞ്ച് ദിവസത്തിനുള്ളിൽ കണ്ടെത്തുവാൻ അസാദ്ധ്യമാണ്. എന്നാലും പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്ന മുറയ്ക്ക് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്രവൃത്തിദിനം ആഴ്ചയിൽ അഞ്ചാക്കുന്നത് സംബന്ധിച്ച സാദ്ധ്യത പരിശോധിക്കുന്നതാണ്.

10. വനിതകൾക്ക് പ്രവേശനം നിഷേധിച്ചത് സംബന്ധിച്ച്

ശ്രീമതി കെ. കെ. രമ: സർ, കാലിക്കറ്റ് വി.സി. എടുത്ത സ്ത്രീവിരുദ്ധ
10.30.AM] സമീപനത്തിനെതിരായിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു സബ്മിഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡെപ്യൂട്ടി രജിസ്ട്രാർ 28-6-2014-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം യൂണിവേഴ്സിറ്റി വൈസ് ചാൻസിലർക്കുനേരെ, പരിശീലനം സിദ്ധിച്ച സംഘടിതരായ സ്ത്രീകൾ ഗുണ്ടാ ആക്രമണം നടത്താൻ പരിപാടി ഇട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് കിട്ടിയതായും അതുകൊണ്ട് സ്ത്രീകൾ അദ്ദേഹത്തെ സന്ദർശിക്കുന്നതിൽനിന്നും കഴിയുന്നത്ര വിലക്കണമെന്നും പറയുന്നു. ഈ ഉത്തരവിനുപുറമേ ഒളിക്യാമറകൾ വാങ്ങാൻ ഓർഡർ കൊടുക്കുകയും ഒരു റിട്ടയേർഡ് ഡിവൈ.എസ്.പി.-യെ സെക്യൂരിറ്റി ഓഫീസറായി പുനർനിയമിക്കുകയും ചെയ്യുമെന്നു പറയുന്നു. ഇതിൽ ഒരുപാട് ഗുരുതരമായ ആരോപണങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സ്ത്രീവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ ഇത്തരത്തിലുള്ള ഒരുത്തരവ് ഇറക്കിയത് സർക്കാരിന്റെ അനുമതിയോടുകൂടിയാണോ; യൂണിവേഴ്സിറ്റിക്ക് കിട്ടിയ റിപ്പോർട്ട് അതായത് സ്ത്രീകൾ

LIBRARY ARCHIVES Kerala Legislative Assembly

ഗുണ്ടാ ആക്രമണം നടത്തുമെന്നുള്ളത് പോലീസ് അറിഞ്ഞിട്ടില്ലേ; ഇല്ലാത്ത ഒരു റിപ്പോർട്ടിന്റെ പേരിൽ യൂണിവേഴ്സിറ്റിയുടെ ലക്ഷക്കണക്കിന് രൂപ സെക്യൂരിറ്റിക്കാരെ നിയമിക്കാനും ക്യാമറ വാങ്ങാനും ചെലവഴിക്കുന്നത് ശരിയാണോ; ഗുണ്ടാ ആക്രമണം നടത്തുമെന്ന് റിപ്പോർട്ട് കിട്ടിയത് സംബന്ധിച്ച് പോലീസിൽ കേസ് കൊടുത്തിട്ടുണ്ടോ എന്നുള്ള കാര്യങ്ങൾ അറിയണം. ഇത്തരത്തിൽ ധിക്കാരപരമായ നടപടികൾ സ്വീകരിക്കുന്ന ഒരു വൈസ് ചാൻസിലറെ പുറത്താക്കി കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ നാശത്തിൽനിന്നും രക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സ്ത്രീവിരുദ്ധവും ജനവിരുദ്ധവുമായിട്ടുള്ള ഓർഡറാണ് പ്രോ വൈസ് ചാൻസിലർ ഇറക്കിയിട്ടുള്ളത്.

10.31.AM] വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലറുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി സർവ്വകലാശാല താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഒന്ന്, സന്ദർശകർക്ക് ഭരണകാര്യാലയത്തിലേക്കുള്ള പ്രവേശനസമയം നിയന്ത്രിച്ചിട്ടുണ്ട്. പാസ്സുള്ളവരെ മാത്രമേ ഭരണകാര്യാലയത്തിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. കാണേണ്ട ഓഫീസറെ കണ്ടതിനുശേഷം പാസ് തിരിച്ചേൽപ്പിക്കേണ്ടതുമാണ്. രണ്ട്, സന്ദർശകനേയും സന്ദർശകന്റെ ആഗമനോദ്ദേശ്യവും മനസ്സിലാക്കിയ ശേഷമേ വൈസ് ചാൻസിലറുടെ ബ്ലോക്കിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. മൂന്ന്, വൈസ് ചാൻസിലറുടെ ചേമ്പറിലേക്ക് സന്ദർശകവൃന്ദങ്ങളേയും സ്ത്രീ സന്ദർശകരേയും കയറ്റുന്നതും നിയന്ത്രിക്കേണ്ടതാണ്. നാല്, പരിദേവനങ്ങളുമായി വരുന്ന വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രജിസ്ട്രാറേയോ പ്രോ-വൈസ് ചാൻസിലറേയോ കാണാൻ നിർദ്ദേശിക്കുകയും അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ വൈസ് ചാൻസിലറെ കാണാൻ അനുവദിക്കേണ്ടതുള്ളൂ. അഞ്ച്, വൈസ് ചാൻസിലറുടെ ഇടപെടൽ ആവശ്യമാകുന്ന കേസ്സുകളിൽ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി പ്രസ്തുത കേസ്സുകൾ കേൾക്കുകയും ബന്ധപ്പെട്ട പേപ്പറുകൾ വൈസ് ചാൻസിലറുടെ തീർപ്പിനായി സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നിയന്ത്രണമല്ലാതെ വൈസ് ചാൻസിലറുടെ ചേമ്പറിലേക്ക് സ്ത്രീകളുടെ പ്രവേശനത്തിന് വിലക്കേർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന് റിപ്പോർട്ടിൽ പറയുന്നു. .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിനടുത്തുനിന്ന് മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്നു)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. അബ്ദുൽ കബീർ..... (ബഹളം.....)

11. രോഗിയോ ഡിസ്പെൻസറി

10.31.AM] ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, എന്റെ മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ രോഗിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly